# മന്ന

യു. എ. ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ   വാല്യം 5 ലക്കം 3

news@newsmanna.com  www.newsmanna.com

050 3241610, 055 3969791  ഫെബ്രുവരി 2012


INSIDE THIS ISSUE

നമ്മുടെ യുവത്വത്തിന് എന്ത് പറ്റി?



ഡോ. പോൾ യോംഗി ചോ

### ഫെസ്റ്റിവൽ ഓഫ് പീസ് ആത്മീയ സമ്മേളനം ഒരുക്കങ്ങൾ പൂർത്തിയായി

# അനുഗ്രഹത്തിന്റെ ദിനങ്ങൾ വരവായി

**അബുദബി:** ഗൾഫിലെ ക്രൈസ്തവ ചരിത്രത്തിനു പുതിയ അധ്യായം കുറുച്ചുകൊണ്ടു യു. എ. ഇയുടെ തലസ്ഥാനമായ അബുദബിയിലെ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഫെബ്രുവരി 16,17 തീയതികളിൽ 'ഫെസ്റ്റിവെൽ ഓഫ് പീസ്' ആത്മീയസമ്മേളനത്തിനു ഒരുക്കങ്ങൾ പൂർത്തിയായി. ലോകത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സഭയായ സൗത്ത് കൊറിയ യോയിഡോ ഫുൾ ഗോസ്പൽ ചർച്ച് സീനിയിർ പാസ്റ്റർ ഡേവിഡ് യോംഗിച്ചോ പ്രസംഗിക്കും. യോംഗിചോയോടൊപ്പം ആറംഗസംഘവും പതിനാറിന് അബുദാബിയിലെത്തും.

പത്തു ലക്ഷത്തിലധികം ആളുകളുള്ള സഭയുടെ പാസ്റ്ററായ യോംഗിചോ ലോകത്തിലെ 50 രാജ്യങ്ങളിൽ നടത്തുന്ന നാഷണൽ ഗോസ്പൽ ടൂറിനു ആരംഭം



ഇനി ഇവിടെ ആത്മീയശബ്ദം: അബുദബി ക്രിക്കറ്റ് സ്റ്റേഡിയം.

കുറുച്ചുകൊണ്ടാണു അബുദബിയിൽ എത്തുന്നത്. ഗൾഫിൽ പൊതു സ്റ്റേഡിയത്തിൽ നടക്കുന്ന ആദ്യ ക്രൈസ്തവ സമ്മേളനമാണിത്. ഗൾഫിന്റെ വിവിധ ഭാഗങ്ങളിൽനിന്നു ഏകദേശം 7,000 പേർ പങ്കെടുക്കുമെന്നു പ്രതീക്ഷിക്കുന്നു. ദിവസവും വൈകിട്ടു 6:30നു നടക്കുന്ന സമ്മേളനത്തിൽ വിവിധ സഭാംഗങ്ങൾ ഉൾപ്പെടുന്ന ക്വയർ ഗാനങ്ങൾ ആലപിക്കും.

ഉന്നത വിദ്യാഭ്യാസ-ശാസ്ത്ര ഗവേഷണ മന്ത്രി ശൈഖ് നഹ്യാൻ ബിൻ മുബാറക്ക് ആൽ നഹ്യാൻ, പ്രസിഡൻഷ്യൽ കാര്യ മന്ത്രാലയത്തിലെ മത-നീതികാര്യ ഉപദേഷ്ടാവ് ശൈഖ് അസ്സായിദ് അലി ആൽ ഹാഷ്മി, സെന്റ് ആൻഡ്രൂസ് ചർച്ച് ചാപ്ലെയിൻ ആൻഡ്രൂ തോംസൺ തുടങ്ങിയ വിവിധ പ്രമുഖർ സമ്മേളനത്തിൽ പങ്കെടുക്കും. ഇൻവിറ്റേഷൻ കാർഡുകൾ സമ്മേളനദിനങ്ങളിൽ സ്റ്റേഡിയത്തിൽ ലഭിക്കുമെന്ന് സംഘാടകർ പറഞ്ഞു. പാസ്റ്റർ ആർ. ഏബ്രഹാം ജനറൽ കോർഡിനേറ്ററായും, സോണി ഏബ്രഹാം, പാസ്റ്റർ മാർട്ടിൻ, ഫിറോസ് ഏബ്രഹാം, പി. സി. ഗ്ലെന്നി, ഫ്ളെമി ഏബ്രഹാം എന്നിവർ കൺവീനർമാരായും പ്രവർത്തിക്കുന്നു. സമ്മേളനം അനുഗ്രഹമാകുന്നതിനുവേണ്ടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിശ്വാസികളുടെ പ്രാർഥന അഭ്യർഥിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക്
ഫോൺ 050 3241610

- പൊതുസ്റ്റേഡിയത്തിൽ നടക്കുന്ന ആദ്യക്രൈസ്തവ സമ്മേളനം
- പാസ്റ്റർ ഡേവിഡ് യോംഗി ചോയോടൊപ്പം ആറ് അംഗസംഘം 16നു അബുദാബിയിലെത്തും
- ഇൻവിറ്റേഷൻ കാർഡുകൾ സമ്മേളനദിനങ്ങളിൽ സ്റ്റേഡിയത്തിൽ ലഭിക്കും
- സ്റ്റേഡിയത്തിലേക്ക് അബുദാബിയിൽനിന്ന് യാത്രാസൗകര്യം ഉണ്ടായിരിക്കും

## ബൈബിൾ പരിഭാഷ വിവാദമാകുന്നു

**ന്യൂയോർക്ക്:** വിശുദ്ധ സത്യവേദപുസ്തകത്തിന്റെ അടിസ്ഥാന പദങ്ങൾ എന്നു പറയാവുന്ന പിതാവ്, പുത്രൻ, ദൈവപുത്രൻ എന്നിങ്ങനെയുള്ള സംബോധനകളെ ഒഴിവാക്കിക്കൊണ്ട് അമേരിക്കയിലുള്ള മൂന്ന് പ്രശസ്ത ക്രൈസ്തവ മിഷനറി പ്രസ്ഥാനങ്ങൾ ചേർന്ന് തയ്യാറാക്കിയ ബൈബിൾ പരിഭാഷയ്ക്കെതിരെ പ്രതിക്ഷേധം ശക്തമായി. വിക്ലിഫ് ബൈബിൾ ട്രാൻസ്ലേറ്റേഴ്സ്, സമ്മർ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ലിങ്കുസ്റ്റിക്സ്, ഫ്രണ്ടടിയേഴ്സ് എന്നി മിഷനറി പ്രസ്ഥാനങ്ങൾ മേൽ പറഞ്ഞ സംബോധനകൾ ഒഴിവാക്കി തയ്യാറാക്കിയ അറബി, തുർക്കിഷ്, ഭാഷകളിലുള്ള ബൈബിൾ പരിഭാഷകളാണ് വിവാദമായിരിക്കുന്നത്. ഈ ഭാഷകളിലുള്ള ബൈബിൾ അറബി ദേശങ്ങളിൽ സുവിശേഷപ്രവർത്തനം നടത്തുന്നത് ലക്ഷ്യമാക്കിയുള്ളതായതിനാലും പിതാവ്, പുത്രൻ, ദൈവപുത്രൻ തുടങ്ങിയ പദങ്ങൾ ഇവരിൽ പ്രശ്നമുള്ളതിനാലാണ് ഈ സംബോധനകളയെല്ലാം ഒഴിവാക്കിക്കൊണ്ടുള്ള ഒരു ഗ്രന്ഥം തയ്യാറാക്കിയതെന്നാണ് ഈ മിഷനറി സംഘടനകളുടെ വാദം.

## ഫീലിപ്പോസിന്റെ ശവകുടീരം കണ്ടെത്തിയെന്ന്

**ഫ്രാങ്ക്ഫർട്ട്:** ക്രിസ്തു ശിഷ്യൻ ഫീലിപ്പോസിന്റെ ശവകുടീരം ടർക്കിയിലെ പമുക്കെലക്കടുത്ത് ഹെറാപ്പോളിസ് അവശിഷ്ടങ്ങൾക്കിടയിൽനിന്നും കുഴിച്ചെടുത്തതായി ഒരു അന്തദേശീയ ആർക്കിയോളജിക്കൽ സംഘം അവകാശപ്പെട്ടു.

ഇറ്റലി, ഫ്രാൻസ്, ജർമ്മനി, നോർവേ, എന്നീ രാജ്യങ്ങളിൽ നിന്നുള്ളവർ ഉൾപ്പെട്ട ഈ അന്തർദേശീയ ആർക്കിയോളജിക്കൽ ടീമാണ് ഉദ്ഖനനം നടത്തി ഫീലിപ്പോസിന്റെ ശവകുടീരം കണ്ടെത്തിയത്. ഇത് ക്രിസ്തു ശിഷ്യൻ ഫീലിപ്പോസിന്റെ ശവകുടീരം തന്നെയാണെന്നാണ് സംഘത്തിന്റെ അവകാശവാദം.



ഫീലിപ്പോസിന്റെ ശവകുടീരംകണ്ടെത്തിയെന്ന് പറയുന്ന സ്ഥലം.

ഹെറപ്പോളിസിൽ ഒന്നാം നൂറ്റാണ്ടിൽ പണിത ഒരു ദേവാലയം ഉണ്ടായിരുന്നു. ഈ ദേവാലയത്തിന കേടുപാട് സംഭവിക്കുകയും അഞ്ചാം നൂറ്റാണ്ടിൽ ഇതിന് മുകളിൽ മറ്റൊരു ദേവാലയം പണിയുകയും ചെയ്തു. ഈ ദേവാലയത്തിൽ ആർക്കിയോളജിക്കൽ ടീം നടത്തിയ ഉദ്ഖനനത്തിനിടയിലാണ് ക്രിസ്തു ശിഷ്യൻ ഫീലിപ്പോസിന്റെ ശവകുടീരം കണ്ടെടുത്തത്. ക്രിസ്തു ശിഷ്യനായ ഫീലിപ്പോസിന്റെ അവശിഷ്ടങ്ങൾ ആദ്യം കോൺസ്റ്റാന്റിനോപ്പാളിൽ സൂക്ഷിച്ചതിന് ശേഷം മറ്റ് അപ്പോസ്തലന്മാരുടെ അവശിഷ്ടങ്ങളോടൊപ്പം റോമിലേക്ക് മാറ്റുകയായിരുന്നു.

## യേശു ഞങ്ങൾക്കും വഴികാട്ടി: വി.എസ്.



**തിരുവനന്തപുരം:** യേശു ഞങ്ങളുടെ വഴികാട്ടിയാണെന്ന് പ്രതിപക്ഷ നേതാവ് വി. എസ്. അച്യുതാനന്ദൻ. മാനവരാശിക്കാകെ വഴിയായി മാറിയ യേശു ക്രിസ്തു ക്രിസ്ത്യാനികളുടെ മാത്രം പൊതുസ്വത്ത് അല്ലെന്നും അദ്ദേഹം പറഞ്ഞു. സി.പി. എം. സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു വി.എസ് ആരാധനാലയങ്ങളിൽ കച്ചവടം നടത്തിയവരെ പുറത്താക്കുകയും നിങ്ങളാണ് ദൈവത്തിന്റെ ആലയങ്ങളെന്ന് പഠിപ്പിക്കുകയും ആണ് യേശു ചെയ്തത്. കച്ചവടത്തിന്റെയും വിപണിയുടെയും താൽപര്യങ്ങളെ പുറത്താക്കണമെന്ന് ഉദ്ബോധിപ്പിച്ച യേശുവിനെയും ക്രിസ്ത്യാനിത്വത്തെയും അറിയാത്ത പള്ളി ഭക്തർക്ക് ഇതു മനസ്സിലാകണമെന്നില്ല. നേഴ്സുമാർക്ക് ശമ്പളം നിഷേധിക്കുന്ന ആശുപത്രികളും സ്വാശ്രയ കോളേജുകളും മറ്റും ആണ് അവർക്ക് മതം. തന്റെ കാലത്തെ ജീർണതകൾക്ക് എതിരെ ശക്തമായി ചോദ്യം ചെയ്തതിന് ഭരണകൂടം യേശുവിനെ കൊന്നു. പൗരോഹിത്യത്തിന്റെ അധാർമിതകൾക്ക് എതിരെ ആഞ്ഞടിച്ച ലോകം കണ്ട ഏറ്റവും വലിയ വിമോചനനായകനാണ് യേശു. അതാണ് ആ കൊലയ്ക്ക് പൗരോഹിത്യം മുൻകൈ എടുത്ത് അദ്ദേഹം പറഞ്ഞു. "സ്വാതന്ത്രിനായി ക്രിസ്തു നിങ്ങളെ സ്വതന്ത്രരാക്കി" എന്ന ബൈബിൽ വാക്യത്തിന്റെ അർത്ഥം ക്രിസ്ത്യാനികൾ എന്നു പറയുന്നവർ മനസ്സിലാക്കണം അല്ലാതെ യേശുവിനെയും ആരെങ്കിലും വരച്ച ചിത്രത്തിനും പകർപ്പവകാശം നേടാൻ ശ്രമിക്കുകയല്ല വേണ്ടെന്നും വി.എസ്. പറഞ്ഞു.

യേശുവിന്റെ മഹത്തായ ത്യാഗവും ശക്തമായി നടത്തിയ ആത്മീയ പോരാട്ടവും അംഗീകരിക്കാതെ മാർകിസത്തിന് മുന്നോട്ട് പോകാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു.

## ക്രിസ്തു വിമോചനപോരാളി തന്നെ: മാർ ക്രിസോസ്റ്റം

**കോഴഞ്ചേരി:** യേശു ക്രിസ്തു വിമോചന പോരാളി തന്നെയാണെന്ന ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്ത സി.പി.എം. സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ അഭിപ്രായം സ്വാഗതം ചെയ്തുകൊണ്ട് പറഞ്ഞതാണ് ഇത്. ക്രിസ്തീയ വിശ്വാസത്തെ അടിസ്ഥാനപരമായ അറിവ് പിണറായിക്കുണ്ടെന്നും മാർ ക്രിസോസ്റ്റം പറഞ്ഞു.



# നമ്മുടെ യുവത്വത്തിന് എന്ത് പറ്റി?

> **യുവജനങ്ങൾക്ക് ചൂണ്ടിക്കാട്ടുവാൻ റോൾ മോഡലുകൾ ഉണ്ടാകണം. സഭകളിലും കുടുംബങ്ങളിലും പരസ്പരം പോരടിക്കുകയും അതേ സമയം തങ്ങളുടെ ഇടയിൽ ഉപദേശത്തിന്റെ ഭാണ്ഡ കെട്ട് അഴിക്കുകയും ചെയ്യുന്നവർക്ക് പുതുതലമുറ എങ്ങനെ വില കൽപ്പിക്കും.!**

## വാർത്തയ്ക്കപ്പുറം

**ഷിബു മുള്ളംകാട്ടിൽ**

തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് യാത്ര തിരിച്ച രണ്ട് വിദ്യാർഥികളെ ട്രെയിനിൽ അതിക്രൂരമായി ആക്രമിച്ച സംഭവം മനഃസാക്ഷിയെ നടുക്കുന്നതാണ്. പ്രതികൾ മലയാളി വിദ്യാർഥികൾ തന്നെയാണ് എന്നറിഞ്ഞപ്പോഴാണ് സാക്ഷരകേരളം തലകുനിച്ചത്! മുളന്തുരുത്തി സ്വദേശി ഗീവർഗീസ് ജോണും, ആലപ്പുഴ സ്വദേശി അരുൺ രാജുമാണ് ആക്രമണത്തിന് ഇരയായത്.

ഗീവർഗീസിന്റെ ഇടത് ചെവിയുടെ തട്ടിൽ മൂർച്ചയേറിയ ഇരുമ്പുകമ്പി തുളച്ചു കയറ്റി. ഇരുമ്പുകഷണംകൊണ്ട് നെറ്റിയിൽ നിന്നും മുഖത്തിന്റെ ഇടത് ഭാഗത്തേക്ക് കീറി. കൈത്തണ്ടിന് മുകൾ ഭാഗത്ത് ആഴത്തിൽ മുറിവുണ്ടാക്കി. രക്തംവാർന്നു വേദനയിൽ പുളഞ്ഞ ഗീവർഗീസിനെ ഈറോഡ് റയിൽവേ സ്റ്റേഷനിൽ ആക്രമിസംഘം ഇറക്കി വിട്ടു. പ്ലാസ്റ്റിക് സർജറിക്കു വിധേയനായ ഈ നിർധന യുവാവ് ജീവിതത്തിലേക്ക് തിരിച്ചു വരുകയാണ്. ഗീവർഗീസിനെ ഗർഭം ധരിച്ചിരിക്കുമ്പോൾ, പിതാവ് ജോൺ മരിച്ചു. ബന്ധുക്കളുടെ സഹായത്തോടെയാണ് പഠനം നടത്തുന്നത്. 150 ലധികം തുന്നലുകൾ ശരീരത്തിലുള്ള അരുൺ രാജിന്റെ അവസ്ഥയും ദയനീയമാണ്.

ഇനിയും മറ്റൊരു സംഭവം. റാന്നി സ്വദേശിയായ ലിജുവിനെ ക്വട്ടേഷൻ സംഘത്തെ ഉപയോഗിച്ച് കൊലപ്പെടുത്തുവാൻ ശ്രമിച്ച കേസിൽ കോളേജ് വിദ്യാർഥിനി അറസ്റ്റിലായി. മിത്രയുടെ സഹപാഠികളെ ലിജുവിന്റെ നേതൃത്വത്തിൽ ഒരു സംഘം കോളേജിൽ കയറി മർദ്ദിച്ചിരുന്നു. ഇതിന് പ്രതികാരമായിട്ടാണ് ലിജുവിനെ ഓമല്ലൂരിന് സമീപം ആളൊഴിഞ്ഞ സ്ഥലത്തേക്ക് മിത്ര നയത്തിൽ വിളിച്ചു വരുത്തിയത്. ക്വട്ടേഷൻ സംഘത്തിന്റെ ക്രൂരമായ ആക്രമണത്തിന് വിധേയനായ ലിജു അത്ഭുതകമായി മരണത്തിൽ നിന്നും രക്ഷപ്പെട്ടു. അഞ്ചരമാസമായി ഒളിവിൽ കഴിഞ്ഞ മിത്രയെ ബന്ധുവീട്ടിൽ നിന്നും പോലീസ് പിടികൂടി.

നമ്മുടെ യുവത്വത്തിന് എന്താണ് സംഭവിച്ചിരിക്കുന്നത്? ഇറച്ചികോഴികളെ കൊല്ലുന്ന ലാഘവത്തോടെ മനുഷ്യശരീരത്തെ കീറിമുറിക്കുവാൻ ഇവർക്ക് ധൈര്യം എവിടെ നിന്ന് കിട്ടി? ഒരു ഗ്രാമത്തിൽ ജീവിക്കുന്ന പെൺകുട്ടിപോലും ക്വട്ടേഷൻ സംഘത്തിന്റെ കണ്ണിയായി എന്നത് വിശ്വസിക്കാൻ പ്രയാസം! യുവത്വം വഴിതെറ്റുന്നതിന് കാരണക്കാർ ആരാണ്? വളരെ ഗൗരവമായി ചിന്തിക്കേണ്ടതും പരിഹാരം കണ്ടെത്തേണ്ടതുമായ വിഷയമാണിത്.

ഇന്ത്യയിലെ ജനസംഖ്യയിൽ മൂന്നിലൊന്ന് 15 നും 35 നും മധ്യേ പ്രായമുള്ളവരാണ്. കേരളത്തിൽ ഒരു കോടി യുവജനങ്ങൾ ഉണ്ട്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ വിലയിരുത്തലിൽ യുവകുറ്റവാളികൾ ക്രമാതീതമായി വർധിക്കുകയാണ്. ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയവയുടെ ദുരുപയോഗം അവരെ പ്രതിക്കൂട്ടിലാക്കുന്നു. ഗുണ്ടകൾക്കും, ക്വട്ടേഷൻ സംഘങ്ങൾക്കും മാധ്യമങ്ങൾ നൽകുന്ന 'താരപരിവേഷം' യുവത്വത്തെ വശീകരിക്കുന്നുണ്ട്.

നമ്മുടെ യുവജനങ്ങൾ ഇന്ന് ഐഡന്റിറ്റി ക്രൈസിസ് അനുഭവിക്കുന്നവരാണ്. അവർ സഭയിൽ നിന്നും സമൂഹത്തിൽ നിന്നും ഉൾവലിയുവാൻ വ്യഗ്രത കാട്ടുന്നു. ജീവിതമൂല്യങ്ങളെക്കുറിച്ചോ പെരുമാറ്റ രീതികളെക്കുറിച്ചോ അവർ ബോധവന്മാർ അല്ല. സുഹൃത്തുക്കളോടൊപ്പം സമയം ചെലവഴിക്കുവാൻ അവർ ഇഷ്ടപ്പെടുന്നു. പലപ്പോഴും സംഘബലത്താൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നു.

അടിസ്ഥാനപരമായി ദൈവവുമായി വ്യക്തിപരമായ ബന്ധമുള്ള കുട്ടികൾ എവിടെപ്പോയാലും ചതിക്കുഴിയിൽ വീഴില്ല. മാതാപിതാക്കളുടെ പങ്ക് ഇവിടെ നിർണായകമാണ്. സെക്യുലർ പഠന വിഷയങ്ങളിൽ ഉത്സാഹിപ്പിക്കുന്നതുപോലെ ആത്മീയ വിഷയങ്ങളിലും അവരെ പ്രബുദ്ധരാക്കണം. സണ്ടേസ്ക്കൂൾ മുടങ്ങിയാലും കുഴപ്പമില്ല, ട്യൂഷന് പൊയ്ക്കൊള്ളൂ എന്ന ശൈലിക്ക് മാറ്റം ഉണ്ടാകണം. സ്ക്കൂളിലും കോളേജിലും ഒന്നാമൻ ആകുവാൻ സമ്മർദ്ദം ചെലുത്തുമ്പോൾ, പലപ്പോഴും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പാഠങ്ങൾ അവരെ പഠിപ്പിക്കുവാൻ വിസ്മരിക്കുന്നു. വിദൂരങ്ങളിൽ പഠിക്കുന്നവർക്ക് മൊബൈൽ ഫോണും, എ.റ്റി.എം. കാർഡും നൽകി കഴിഞ്ഞാൽ തങ്ങളുടെ ഉത്തരവാദിത്വം തീർന്നു എന്നു കരുതരുത്. അവർ പഠനത്തിൽ മുന്നേറുന്നുണ്ടോ എന്ന് അന്വേഷിക്കുമ്പോൾ തന്നെ ആത്മീയ വഴികളും ആരായണം. മാതാപിതാക്കളിൽ നിന്നും വിട്ട് അന്യദേശത്ത് പഠിക്കുന്ന എല്ലാവർക്കും പ്രാദേശിക രക്ഷകർത്താവ് (Local Guardian) ഉണ്ടായിരിക്കണം.

ദൈവവചനത്തിന്റെ വിത്തുകൾ നമ്മുടെ വിദ്യാർഥികളെ ആഴമായി സ്വാധീനിക്കണം. അതിന് ഇന്നത്തെ നമ്മുടെ സണ്ടേസ്ക്കൂൾ സിലബസ് പരിഷ്ക്കരിക്കണം. സമാഗമന കൂടാരത്തിന്റെ നീളവും വീതിയും പഠിച്ചുകൊണ്ടിരുന്നാൽ കുട്ടികൾക്ക് എന്ത് പ്രയോജനം? പ്രായോഗിക ജീവിതത്തിന് സഹായകമാകുന്ന വിഷയങ്ങൾ സിലബസിൽ ഉൾപ്പെടുത്തണം. ആധുനിക മാധ്യമങ്ങളുടെ ശരിയും തെറ്റും അവർ വിവേചിച്ച് അറിയണം. ആത്മീയ പക്വതയിലേക്ക് അവരെ നയിക്കേണ്ട ദൗത്യമാണ് നമുക്കുള്ളത്.

“യുവാക്കൾക്ക് വേണ്ടത് മാതൃകയാണ്. അല്ലാതെ കുറ്റപ്പെടുത്തലല്ല.” അമേരിക്കൻ ബാസ്കറ്റ്ബോൾ ഇതിഹാസമായ ജോൺ വ്യൂഡന്റെ വാക്കുകൾ ചിന്തനീയമാണ്. യുവജനങ്ങൾക്ക് ചൂണ്ടിക്കാട്ടുവാൻ റോൾ മോഡലുകൾ ഉണ്ടാകണം. സഭകളിലും കുടുംബങ്ങളിലും പരസ്പരം പോരടിക്കുകയും അതേ സമയം തങ്ങളുടെ ഇടയിൽ ഉപദേശത്തിന്റെ ഭാണ്ഡകെട്ട് അഴിക്കുകയും ചെയ്യുന്നവർക്ക് പുതുതലമുറ എങ്ങനെ വില കൽപ്പിക്കും.! ഒരു മാറ്റം നമ്മിൽ നിന്ന് ആരംഭിക്കാം. 'യൗവ്വനകാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക' (സഭാപ്രസംഗി 12:1) എന്ന മഹത്തായ സന്ദേശം നമുക്ക് കൈമാറാം.

# 2012 പ്രതിസന്ധികളുടെ വർഷമോ?

**സോമു ചെറുവത്തൂർ**

**2012** വളരെ ശുഭാപ്തിയിലും പ്രതീക്ഷയിലും ഭൂരിഭാഗവും നോക്കി കാണുന്നു. ആരൊക്കെ പ്രവചിച്ചാലും കണക്കു കൂട്ടിയാലും ഓരോ വർഷം കഴിയുംതോറും പ്രശ്നങ്ങളും, പ്രതിസന്ധികളും, കഷ്ടതകളും ഏറിവരുന്നതല്ലാതെ ഒട്ടും കുറയുന്നതായി കാണുന്നില്ല. സാമ്പത്തിക തകർച്ച, രാഷ്ട്രീയ പ്രതിസന്ധികൾ, ക്ഷാമം, പ്രകൃതി ക്ഷോഭങ്ങൾ, യുദ്ധങ്ങൾ, രോഗങ്ങൾ, ഭീതി മുതലായവ ഏറിവരുന്നു. പരിഹാരമാർഗ്ഗത്തിനായി പൊള്ളയായ വാഗ്ദാനങ്ങളുടെ പുറകെ ജനം പരക്കം പായുന്നു. എന്നിട്ടോ, ഫലം കാണാതെ നിരാശരാകുകയും ആത്മഹത്യയിൽ പോലും ചെന്നെത്തുന്നു. ദൈവമക്കളും ഈ പ്രതിസന്ധികളിൽ നിന്ന് ഒഴിവുള്ളവരല്ല. എങ്കിലും എല്ലാ പ്രശ്നങ്ങളും അവർ ദൈവത്തിന്റെ ബലമുള്ള കരങ്ങളിൽ അർപ്പിക്കുകയും ആശ്വസിക്കുകയും വിടുതൽ അനുഭവിക്കുകയും ചെയ്യുന്നു.

പഴയനിയമത്തിൽ കുഞ്ഞാടിന്റെ രക്തത്താൽ മരണദൂതനിൽ നിന്ന് വീണ്ടെടുപ്പ് പ്രാപിച്ച് പെസഹ ആചരിച്ച് വാഗ്ദത്തകനാനിലേക്ക് പുറപ്പെട്ട യിസ്രായേൽ ജനത്തിന് മുന്നോട്ടുപോകാനുള്ള ആദ്യ പ്രതിസന്ധി ചെങ്കടൽ ആയിരുന്നു. എന്നാൽ ആ പ്രതിസന്ധിയെ വിഭാഗിച്ച് അതിന്റെ നടുവിലൂടെ തന്റെ ജനത്തെ ദൈവം നടത്തി. തന്റെ രക്ഷയെ കാണിച്ചു. അവർ ദൈവത്തെ പാടിസ്തുതിച്ചു. ദൈവമക്കൾക്ക് പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും മദ്ധ്യേയുള്ള വഴി മരണവഴിയായി മാറുന്നു എന്ന് ഫറവോന്റെയും സൈന്യത്തിന്റെയും ബാക്കിയുള്ള കഥ നമ്മെ പഠിപ്പിക്കുന്നു. പുതിയനിയമത്തിൽ യേശുവിനാൽ നിർബന്ധിക്കപ്പെട്ട് അക്കരക്ക് അയക്കപ്പെടുന്ന ശിഷ്യന്മാർക്കും പ്രതിസന്ധിയായി ഭവിച്ചത് ആഞ്ഞടിക്കുന്ന കാറ്റും കടലും തന്നെയായിരുന്നു. എന്നാൽ പഴയനിയമത്തിൽ നിന്നും വ്യത്യസ്തമായ സുവിശേഷത്തെ നമുക്ക് ഇവിടെ ദർശിക്കാൻ സാധിക്കും. ഈ വിഷയത്തിൽ യേശു തന്നെ തന്റെ ശിഷ്യന്മാർക്ക് പ്രതിസന്ധിയായിരുന്ന കടലിന്മേൽ നടന്നു ചെന്ന് ഭയപ്പെടേണ്ട എന്ന് അരുളിചെയ്യുന്നു. അത്തരം ഒരു സാഹചര്യത്തെ കണ്ട് ഭയപ്പെടുന്നവർക്ക് എന്ത് ആശ്വാസമാണ് ആ സ്വരം 4-ാം യാമംവരെ കടലിനോട് പോരാടി എല്ലാ ആശയും ആശ്വാസവും നഷ്ടപ്പെടുമ്പോൾ യേശുവിന്റെ ഇമ്പസ്വരം എത്ര ആശ്വാസമാണ് ഏകുന്നത്. അതുപോലെ തന്നെ യേശു ആദ്യമെ കടലിന്മേൽ നടന്ന് നമുക്ക് മാതൃകയും പ്രോത്സാഹനവുമായി, നമുക്ക് നടക്കാൻ സാധിക്കും എന്ന് ധൈര്യം നമ്മിൽ പകരുകയും ചെയ്യുന്നു. പത്രൊസിനെ ശ്രദ്ധിച്ചാൽ നമുക്കത് ബോധ്യമാകും. അവന് അതുവരെ ഭയമായിരുന്നു. പ്രശ്നമായിരുന്ന ആർത്തിരമ്പുന്ന കടലിന്മീതെ നടക്കാൻ ആഗ്രഹവും ധൈര്യവുമുണ്ടായി. യേശു അതിനെ പ്രോത്സാഹിപ്പിക്കയും പത്രൊസ് നടക്കയും ചെയ്യുന്നു.

പുതിയനിയമത്തിന്റെ വ്യത്യാസം, നമ്മുടെ പ്രതിസന്ധിയെ വിഭാഗിച്ച് ചെങ്കടലിനെ ചെയ്തതുപോലെ നമ്മിൽ നിന്ന് അകറ്റി അതിന്റെ മദ്ധ്യേ നടത്തുകയല്ല പ്രത്യുത നമ്മെ പ്രതിസന്ധിയുടെ മീതെ നടത്തുവാൻ അനുഭവമുള്ള നമ്മെ ധൈര്യപ്പെടുത്തുകയാണ് ചെയ്യുന്നത്. അല്പമായ അവിശ്വാസത്താൽ ക്ഷീണാവസ്ഥ വന്ന് പ്രതിസന്ധിയിൽ അല്പം മുങ്ങിതാണാലും സ്വന്തകഴിവിൽ ആശ്രയിക്കാതെ (നീന്താൻ ശ്രമിക്കാതെ) ഗുരുവിനെ കാര്യമായി ഒന്നുവിളിച്ചാൽ അവൻ നമുക്ക് വലംകരം തന്ന് പ്രതിസന്ധികളുടെ മീതെ നടത്തി പടകിൽ ആക്കിതരും.

> **നമ്മുടെ പ്രശ്നങ്ങളും കഷ്ടതകളും പ്രതിസന്ധികളും മാറണമെ എന്നല്ല പകരമായി അതിന്മീതെ എന്നെ ക്രിസ്തുവിൽ ജയോത്സവമായി നടത്തണമെ എന്ന് പ്രാർത്ഥിക്കാം.**

“താൻ തന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് അവൻ സഹായിപ്പാൻ കഴിവുള്ളവനാകുന്നു. എബ്രാ 2:18 കാരാഗ്രഹത്തിൽ കിടക്കുന്ന പൗലൊസും ,ശീലാസും ചങ്ങലയിൽ ആയിരുന്നപ്പോഴും ഒരിക്കലും ആ കഷ്ടതയെ മാറ്റുവാനോ. പ്രതിസന്ധിയെ നീക്കുവാനോ പ്രാർത്ഥിച്ചില്ല. പ്രത്യുത അവർ പാടി സ്തുതിച്ചുക്കൊണ്ടിരുന്നു. പ്രശ്നം മാറ്റുവാൻ അവർ പ്രാർത്ഥിച്ചിരുന്നെങ്കിൽ കാരാഗ്രഹം ദൈവം തന്ന സമയം തന്നെ അവർ രക്ഷപ്പെടുമായിരുന്നു. അവർ ചങ്ങല അഴിഞ്ഞിട്ടും കാരാഗ്രഹം തുറന്നിട്ടും ഓടിപ്പോയില്ല പകരം കർത്താവിന്റെ പദ്ധതിയ്ക്കായി കാത്തിരുന്നു. നാം ഇന്ന് പാടുന്നത് പോലും ബന്ധനം അഴിയാനും, കെട്ടുകൾ പൊട്ടാനും, അടഞ്ഞ വാതിൽ തുറക്കാനുമാണ്. ഈ സാഹചര്യങ്ങൾ നമുക്ക് ഒരുക്കിയ ദൈവത്തിന് അതിന്റെ മീതെ വല്ല പദ്ധതിയുണ്ടോ എന്ന് കാത്തിരിക്കുന്നില്ല- സ്തോത്രം പറയുന്നുമില്ല.

ഇന്ന് പലയിടത്തും പ്രസംഗത്തിലൂടെയും പ്രവചനത്തിലൂടെയും നാം കേൾക്കുന്നത് ദൈവമക്കൾക്ക് കഷ്ടതകളും പ്രശ്നങ്ങളും, പ്രതിസന്ധികളും ഉണ്ടെങ്കിൽ അത് വരമോ, അനുഗ്രഹമോ അല്ല പകരം ശാപമത്രെ എന്നാണ്. അത് തന്നെ സെമിനാറുകൾ നടത്തി പഠിപ്പിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഭൗതിക അനുഗ്രഹങ്ങളും , ജീവനത്തിന്റെ പ്രതാപവും, സുഖലോലുപതയും എല്ലാം ദൈവീക അനുഗ്രഹമാണെന്ന് വാഴ്ത്തിപാടുന്ന കാലം -ദൈവമക്കളെ നാം വളരെ സൂക്ഷിക്കേണ്ട കാലഘട്ടമാണിത്.

പുതിയ നിയമത്തിൽ ഗുരുവായിരിക്കുന്ന യേശു മുതൽ അവന്റെ ശിഷ്യന്മാരിൽ ഒരാളോ, ഏതെങ്കിലും ഒരു വിശ്വാസിയോ യേശുവിനെ പിൻപറ്റിയിട്ട് കോടീശ്വരനോ, ലക്ഷാധിപതിയോ ആയില്ല. ഏതെങ്കിലും ഒരാൾ ഉണ്ടെങ്കിൽ (പൗലൊസ് പോലും) അവന് യേശുവിന് വേണ്ടി ചപ്പും ചവറും ആയി എല്ലാം എണ്ണി. “ഇങ്ങനെ അനേക കഷ്ടങ്ങളിൽ കൂടി നാം ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു” എന്ന വചനം ഓർക്ക. കഷ്ടതകളും പ്രതിസന്ധികളും ഒരു വരമായി എണ്ണാം- മാത്രമല്ല അവന്റെ കാൽച്ചുവടുകളെ പിൻതുടരുവാൻ അവൻ നമുക്ക് മാതൃകയായത് കഷ്ടം അനുവദിച്ചു കൊണ്ടായിരുന്നു. കഷ്ടതയിലും പാടുവാൻ പ്രശംസിപ്പാൻ, ക്രിസ്തുവിൽ കഷ്ടങ്ങളിൽ പങ്കുള്ളവരാകുവാൻ നമുക്ക് ശ്രമിക്കാം.

പ്രതിസന്ധികളും, പ്രശ്നങ്ങളും, കഷ്ടങ്ങളും, അപകീർത്തികളും വരുമ്പോൾ അതിനായി സ്തോത്രം ചെയ്യുകയും ക്രിസ്തുവിൽ ഈ സാഹചര്യങ്ങളുടെമേൽ നമ്മെ ജയോത്സവമായി നടത്തുന്നവനിൽ ആശ്രയിക്കുകയും ചെയ്യാം. ക്രിസ്തു ജയോത്സവം കൊണ്ടാടിയത് ക്രൂശിലായിരുന്നു എന്ന തത്വം മറന്ന പോകയുമരുത്.

നമ്മുടെ പ്രശ്നങ്ങളും കഷ്ടതകളും പ്രതിസന്ധികളും മാറണമെ എന്നല്ല പകരമായി അതിന്മീതെ എന്നെ ക്രിസ്തുവിൽ ജയോത്സവമായി നടത്തണമെ എന്ന് പ്രാർത്ഥിക്കാം- ഈ പുതിയ വർഷത്തിൽ നമ്മുടെ പ്രാർത്ഥനാ ശൈലികൾക്ക് ഒരു വലിയ മാറ്റം വരുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

For Advertisements & News Publishing Please Contact: 050-3241610, 055-3969791

# ക്രിസ്തു നിന്ദയുടെ ചിത്രപ്രദർശനം വിവാദത്തിൽ

**തോമസ് തോന്നയ്ക്കൽ**

**തിരുവനന്തപുരം:** രാഷ്ട്രീയ ലാഭേച്ഛയ്ക്കുവേണ്ടി ക്രിസ്തുനാമം ദുരുപയോഗം ചെയ്യുന്നതിൽ പ്രതിക്ഷേധം ശക്തം.

ദൈവപുത്രനായ യേശുക്രിസ്തുവിനെ രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടി മാർക്സിസ്റ്റ് പാർട്ടി ഉപയോഗിക്കുന്നത് വിവാദമാകുന്നു. തിരുവനന്തപുരത്ത് സി.പി.എം. സമ്മേളനത്തിൽ മാർക്സാണ് ശരി എന്ന ചിത്രപ്രദർശനത്തിൽ കമ്യൂണിസ്റ്റാചാര്യന്മാരായ മാർക്സും എംഗൽസും ചെഗുവരയ്ക്കുമൊപ്പം ക്രിസ്തുവിന്റെ ക്രൂശിത രൂപം പ്രദർശിപ്പിച്ചത് വിവാദമായത്.

ചിത്രത്തോടൊപ്പം നൽകിയ അടിക്കുറിപ്പ് വസ്തുതാ വിരുദ്ധമാണ്. യെഹൂദരെ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കുന്ന സാമൂഹിക പരിഷ്കർത്താവായ യേശു ജറുശലേമിലെ ജനതയെ ആധുനിക ജീവിതരീതി പരിശീലിപ്പിച്ചുവെന്നും ഭരണകൂടത്തിന്റെ കൊള്ളരുതായ്മകൾ ചോദ്യം ചെയ്തതിനാൽ റോമഭരണകൂടം മതനേതൃത്വത്തിൽ പിന്തുണയോടെ എ.ഡി. 26-36ൽ കുരിശിലേറ്റി കൊലപ്പെടുത്തിയെന്നുമാണ് കുറിപ്പിലുള്ളത്.

ക്രിസ്തുമതം കമ്യൂണിസമാണെന്നും ക്രിസ്തു മതത്തിന്റെ നേതാവായ യേശു സി.പി.എം. നേതാവ് പ്രകാശ് കാരാട്ടിനെപ്പോലെയാണെന്നും

**തിരുവനന്തപുരത്ത് സി. പി. എം. സമ്മേളനത്തിൽ മാർക്സാണ് ശരി എന്ന ചിത്രപ്രദർശനത്തിൽ കമ്യൂണിസ്റ്റാചാര്യന്മാരായ മാർക്സും എംഗൽസും ചെഗുവരയ്ക്കുമൊപ്പം ക്രിസ്തുവിന്റെ ക്രൂശിത രൂപം പ്രദർശിപ്പിച്ചത് വിവാദമായത്.**

പാർട്ടി സംസ്ഥാന സമിതി അംഗം എം. പി. ജയരാജിന്റെ അഭിപ്രായം നേരത്തെ വിവാദമായിരുന്നു. കേരളത്തിലെ ക്രൈസ്തവ സമൂഹത്തെ സി.പി.എം. ചേരിയിൽ ആകർഷിക്കാനുള്ള ശ്രമങ്ങൾ പാളുന്നതാണ് ചിത്രപ്രദർശനത്തിൽ ക്രൂശിത രൂപം ഉൾപ്പെടുത്തിയപ്പോൾ ഉണ്ടായവിവാദങ്ങൾ. ഇതിനിടെ വിഖ്യാത ചിത്രമായ അന്ത്യഅത്താഴത്തിൽ ക്രിസ്തുവിനെ ഒബാമയായും ശിഷ്യന്മാരെ രാഷ്ട്രീയനേതാക്കളായും വികലമായി ചിത്രീകരിച്ചതും വിവാദമായി.

രാഷ്ട്രീയ ലാഭേച്ഛയ്ക്കു വേണ്ടി ക്രിസ്തുവിന്റെ നാമം ദുരുപയോഗം ചെയ്യുന്നതിനെതിരെ ക്രൈസ്തവ സഭാ മേലധ്യക്ഷന്മാരും രാഷ്ട്രീയ നേതാക്കളും പ്രതികരിച്ചു. യേശുവിനെ രാഷ്ട്രീയ മുതലെടുപ്പിനു ഉപകരണമാക്കാൻ ആരും ശ്രമിക്കരുതെന്ന് കാതോലിക്കബാവ അഭിപ്രായപ്പെട്ടു. ക്രിസ്തുവിന്റെ ചിത്രം രാഷ്ട്രീയ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് ശരിയല്ല. വിവിധ വിശ്വാസി സമൂഹങ്ങൾക്ക് അവരുടേതായ ആരാധനാ പാത്രങ്ങളുണ്ട്. അവരെ വിവാദങ്ങളിലേക്ക് വലിച്ചിഴയ്ക്കരുതെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു.

യേശുക്രിസ്തുവിനെക്കുറിച്ച് കമ്യൂണിസ്റ്റുകളുടെ വിലയിരുത്തൽ വികലമാണ്. ഒരു സാമൂഹിക പരിഷ്കർത്താവോ ജൂദന്മാരോ ആധുനിക ജീവിതരീതി പഠിപ്പിക്കുവാൻ വന്ന നവോത്ഥാന നായകനോ ആയിരുന്നില്ല യേശു. യേശുവിന് രാഷ്ട്രീയ ലക്ഷ്യങ്ങളിലില്ലായിരുന്നു. 'എന്റെ രാജ്യം ഐഹികമല്ലായെന്ന്' കർത്താവ് വ്യക്തമാക്കി. (യോഹ.18:36). മാനവ ജാതിയുടെ ആത്മീക വീണ്ടെടുപ്പായിരുന്നു ക്രിസ്തുവിന്റെ അവതാര ലക്ഷ്യം. കമ്യൂണിസ്റ്റായും സാമൂഹിക പരിഷ്കർത്താവുമൊക്കെയായി തരം താഴ്ത്തുന്നത് സാത്താന്യ തന്ത്രങ്ങളുടെ ഭാഗം.

# വീട്ടുപ്രാർഥന ഉത്തരവിനെതിരെ റിവ്യൂ ഹർജി നൽകി

**കൊച്ചി:** പെന്തെക്കോസ്തു വിശ്വാസികളുടെ വീടുകളിൽ പ്രാർഥന നടത്തുന്നതിനെക്കുറിച്ചു ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് ദി പെന്തെക്കോസ്തു മിഷൻ വിശ്വാസിയും വൈപ്പിൻ മാലിപ്പുറം സ്വദേസിയുമായ ക്യാപ്റ്റൻ സി. എസ്. സേവ്യർ ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ റിവ്യൂ ഹർജി നൽകി. വീടുകളിലെ പ്രാർഥന പെന്തെക്കോസ്തു വിശ്വാസികളുടെ മതപരമായ അവകാശമാണെന്നും, മൈക്കോ, മെഗാഫോണോ ഉപയോഗിക്കാതെ വീടുകളിൽ നടത്തുന്ന പ്രാർഥന തടയാൻ പൊലീസിനു അധികാരമില്ലെന്നും അതു ഭരണഘടന വിഭാവനം ചെയ്യുന്ന മതസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നു കയറ്റമാണെന്നും ചൂണ്ടിക്കാട്ടിയാണു റവ്യൂഹർജി. അഡ്വക്കേറ്റ് ബേസിൽ അട്ടിപ്പേറ്റി മുഖാന്തരമാണു ക്യാപ്റ്റൻ സേവ്യർ ഹൈക്കോടതിയിൽ ഹർജി നൽകിയത്. ഭരണഘടനയുടെ അനുഛേദം 19,25,26 അനുസരിച്ച് മതപരമായ ആരാധനയ്ക്ക് സ്വാതന്ത്ര്യമുണ്ടെന്നും ഏതു മതത്തിൽ വിശ്വസിക്കാനും അതിന്റെ ആചാരങ്ങൾ നടത്താനും എല്ലാ പൗരന്മാർക്കും അവകാശമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# കോടതിവിധി പെന്തെക്കോസ്തു സമൂഹത്തിന് എതിരല്ല

**തിരുവല്ല:** സെക്കുലർ വാർത്താ മാധ്യമങ്ങളായ മലയാള മനോരമ, മാതൃഭൂമി, സൂര്യാ ടി.വി. തുടങ്ങിയവയിലൂടെ പ്രചരിച്ച വാർത്തയിൽ പെന്തെക്കോസ്തു സമൂഹത്തിനു മുഴുവൻ ആശങ്കയുണ്ടായിരുന്നു. എന്നാൽ ഹൈക്കോടതി വിധി പഠിക്കാതെയാണ് മാധ്യമങ്ങൾ വാർത്ത പ്രസിദ്ധീകരിച്ചത്. കോടതിവിധിയിൽ പെന്തെക്കോസ്തു സമൂഹത്തിലെ വീടുകളിൽ കുടുംബ പ്രാർഥനകൾ നടത്തരുതെന്നു പറഞ്ഞിട്ടില്ല. പ്രത്യുത, ഈ കേസുമായി ബന്ധപ്പെട്ട ഹർജിക്കാരെ ഉദ്ദേശിച്ചാണ് വിധിയിൽ പറഞ്ഞിട്ടുള്ളതെന്നും കോടതിവിധി പഠിക്കാതെ വാർത്ത പ്രസിദ്ധീകരിച്ച മാധ്യമങ്ങളുടെ പ്രവർത്തിയിൽ പെന്തെക്കോസ്തു സമൂഹത്തിന് പ്രതിഷേധമുണ്ടെന്നും ജനുവരി 30 - ന് തിരുവല്ലയിൽ കൂടിയ പി.ഐ.സി.സി. മീറ്റിംഗിൽ പെന്തെക്കോസ്തു നേതാക്കന്മാരും പെന്തെക്കോസ്തു മാധ്യമങ്ങളും സംയുക്തമായി പ്രഖ്യാപിച്ചു. പാസ്റ്റർമാരായ കെ.സി.ജോൺ, കെ.സി.തോമസ്, എം.കുഞ്ഞപ്പി, ബാബു ജോർജ്, ടി.പി. ഏബ്രഹാം, വി.എ. തമ്പി, ഒ.എം. രാജുകുട്ടി എന്നിവർ പ്രസംഗിച്ചു. വിവിധ ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾക്ക് നേതൃത്വം നല്കുന്ന പത്രപ്രവർത്തകർ പങ്കെടുത്തു.


യു.എ.ഇ. വിസിറ്റ് വിസ

ഏറ്റവും കുറഞ്ഞ നിരക്കിൽ! വളരെ ലളിതമായി! ഏറ്റവും വേഗത്തിൽ!

- ഏറ്റവും കുറഞ്ഞ ടിക്കറ്റ് + വിസ പാക്കേജുകൾ
- നേരിട്ട് വരാതെ തന്നെ വിസക്ക് അപേക്ഷിക്കാവുന്നതാണ്
- സെക്യൂരിറ്റി തുക നൽകാതെ തന്നെ അപേക്ഷിക്കാം.

വിശ്വാസികൾക്ക് പ്രത്യേക സൗജന്യം

Our Services: Airline Reservation & Ticketing - Holyday Packages - UAE & Foreign Visa Assistance - Corporate Travel Management - Meet and Greet Services - Hotel Bookings - International Driving Permit - Car Rental.

ITTA

International Tourism & Travel Agency,
P.O.Box 13692,
Ajman, U.A.E
Phone 06 7433270 Fax: 06 7433672

കൂടുതൽ വിവരങ്ങൾക്ക്
055 2084727, 050 6311071

## പിജി വർഗ്ഗീസ് പ്രസംഗിക്കുന്നു

**അബുദാബി:** ക്രൈസ്റ്റ് ഓൺ റിവൈവൽ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 26, 27, 28 വരെ ഷാർജ വർഷിപ്പ് സെന്ററിലും, മാർച്ച് 4,5 തീയതികളിൽ അബുദാബി ഇവാഞ്ചെലിക്കൽ ചർച്ച് സെന്ററിലും നടക്കുന്ന കൺവൻഷനിൽ ബ്രദർ പി.ജി. വർഗ്ഗീസ് പ്രസംഗിക്കും. ദിവസവും വൈകിട്ട് 7.30 മുതൽ 10 വരെയാണ് പരിപാടി.




## പാസ്റ്റർ ജയിംസ് ഇന്ത്യാ ദൈവസഭ സ്റ്റേറ്റ് ഓവർസീയർ

**തിരുവല്ല:** ഇന്ത്യാ ദൈവസഭ കേരള സ്റ്റേറ്റ് ഓവർസീയറായി പാസ്റ്റർ പി.ജെ. ജയിംസ് (58) തെരഞ്ഞെടുക്കപ്പെട്ടു. പതിനഞ്ചംഗ കൗൺസിലിനെയും തിരഞ്ഞെടുത്തു.

സഭ ഏഷ്യാ പസഫിക് ഫീൽഡ് ഡയറക്ടർ റവ. എൻ. ആൻഡേഴ്സൺ വരണാധികാരിയായിരുന്നു. നിലവിൽ ഇദ്ദേഹം സഭയുടെ വിദ്യാഭ്യാസ ഡയറക്ടറാണ്. മൂവാറ്റുപുഴ പുളിന്താനം പുഞ്ചിറക്കുഴി കുടുംബാംഗമാണ്. കുവൈത്ത് ഉൾപ്പെടെ വിവിധ സഭകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബൈബിൾ സ്കൂൾ രജിസ്ട്രാറായും പ്രവർത്തിച്ചിട്ടുണ്ട്. രണ്ടു വർഷത്തേക്കാണ് നിയമനം. ഓവർസീയറായ പാസ്റ്റർ എം. കുഞ്ഞപ്പി ഓഗസ്റ്റ് അവസാനം സ്ഥാനമൊഴിഞ്ഞ ശേഷം പാസ്റ്റർ പി.ജെ. ജയിംസ് ചുമതലയേൽക്കും.

യു.ബി.എസിൽ നിന്ന് ബി.ഡിയും അലഹബാദ് യൂണിവേഴ്സിറ്റിയിൽ നിന്ന് പബ്ലിക് അഡ്മിനിസ്ട്രേഷനിൽ എം.എയും കരസ്ഥമാക്കിയിട്ടുണ്ട്. ഭാര്യ: ആനി ജെയിംസ്.

### ആവശ്യമുണ്ട്

അബുദാബിയിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഇന്റീരിയൽ ഡെക്കറേഷൻ കമ്പനിയിലേക്ക് ഇൻവെസ്റ്റ്മെന്റ് പാർട്ണറെ ആവശ്യം ഉണ്ട്.

**ഫോൺ: 0503241610**

### MATRIMONIAL

Parents seeks proposals for their God fearing, pentecostal boy 27 years working in UAE as male nurse from parents of god fearing, spiritual and baptised girls.

**Contact. 055 5102657 / 055 7182118**

## ആപ്ക്കോൺ ഐക്യ ആരാധന 9 ന്

**അബുദാബി:** അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ (ആപ്ക്കോൺ) ഒരുക്കുന്ന ഐക്യആരാധന മാർച്ച് 9 ന് സെന്റ് ആൻഡ്രൂസ് ചർച്ചിൽ നടക്കും. വൈകിട്ട് 6.30 മുതൽ 10 വരെയാണ് ആരാധന, ആരാധനയിൽ ആപ്ക്കോൺ പ്രസിദ്ധീകരിക്കുന്ന സ്മരണിക പ്രകാശനം ചെയ്യും.

## ഐ.പി.സി. അൽ ഐൻ സുവിശേഷമഹായോഗം

**അൽ ഐൻ:** ഐ.പി.സി. അൽ ഐൻ. സഭയുടെ ആഭിമുഖ്യത്തിൽ മാർച്ച് 9, 10 തീയതികളിൽ ഒായാസിസ് വർഷിപ്പ് സെന്ററിൽ സുവിശേഷ മഹായോഗം നടക്കും. വൈകിട്ട് 7.30 ന് നടക്കുന്ന യോഗങ്ങളിൽ ബ്രദർ. പി.ജി. വർഗ്ഗീസ് പ്രസംഗിക്കും. ചർച്ച് ക്വയർ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ കെ. എസ്. ജേക്കബ് 0505239768










# ഹൃദയത്തെ കീഴടക്കുന്ന സംഗീതവുമായി ചാർളി

"ചാർളിക്ക് ഈ പ്രാവശ്യം ഒന്നാം സ്ഥാനം ആയിരിക്കും. രണ്ട് വർഷമല്ലേ ഒരേ ക്ലാസിൽ പഠിക്കുന്നത്." കൂട്ടുകാരുടെ പരിഹാസത്തിന്റെ കൂരമ്പുകൾ ബാലഹൃദയത്തിൽ ആഴമായി മുറിവേൽപ്പിച്ചു. കടുത്ത ആസ്മ രോഗം മൂലം സ്ക്കൂളിൽവരാതെ വന്നതാണ് പരാജയത്തിൽ എത്തിച്ചത്.

ആറാം ക്ലാസ്സിൽ രണ്ടു തവണ പഠിച്ച ആൾ ഇന്നു ബിരുദാനന്തര ബിരുദധാരിയാണ്. ആസ്മ രോഗം തളർത്തിയ ബാലൻ ഇന്ന് അനുഗ്രഹീതനായ ഗായകനും, കീബോർഡിസ്റ്റും. വർഷിപ്പ് ലീഡറുമാണ്. ദൈവീക വിടുതലിന്റെ അത്ഭുത വഴികളാണ് ചാർളി സാം ബാബു എന്ന 28 കാരന് പറയാനുള്ളത്.

ഐ.പി.സി. കോഴിക്കോട് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ബാബു ഏബ്രഹാമിന്റെയും കുഞ്ഞുമോൾ ബാബുവിന്റെയും ഏക മകൻ ചാർളിക്ക് ചെറുപ്രായത്തിൽ തന്നെ അപസ്മാരം പിടിപ്പെട്ടു. മാതാപിതാക്കളുടെ ശക്തമായ പ്രാർഥനയും ദൈവാശ്രയവും അത്ഭുത സൗഖ്യത്തിൽ എത്തിച്ചു. പിന്നീടാണ് ആസ്മ പിടിപ്പെട്ടത്. മറ്റ്കുട്ടികളെപ്പോലെ സംസാരിക്കുവാനോ, പാടുവാനോ കഴിയാത്തതിൽ അപകർഷതാ ബോധം ചാർളിയെ വേട്ടയാടി. ദൈവകരങ്ങളിൽ പൂർണ്ണമായി സമർപ്പിച്ചപ്പോൾ പൂർണ്ണ വിടുതൽ ലഭിച്ചു. പിന്നീട് ഒരിക്കലും ആസ്മ ഉണ്ടായിട്ടില്ല.

ബിരുദപഠനം കഴിഞ്ഞപ്പോൾ സംഗീതം പഠിക്കുവാൻ ആഗ്രഹിച്ച് ആസ്ട്രേലിയായിലെ സ്കൂൾ ഓഫ് മ്യൂസിക് & മീഡിയായിൽ അപേക്ഷ നൽകി. മൂന്ന്ലക്ഷം രൂപയോളം ഫീസ് വേണം. സുവിശേഷകനായ തന്റെ പിതാവിന് അതിനുള്ള മാർഗ്ഗമില്ല. ഒടുവിൽ ദൈവസന്നിധിയിൽ വിഷയം സമർപ്പിച്ചപ്പോൾ അതിശയകരമായി സ്കോളർഷിപ്പോടെ പ്രവേശനം ലഭിച്ചു.

പഠനകാലയളവിൽ തന്നെ 'യൂത്ത് സ്ട്രീറ്റ്' എന്ന ആസ്ട്രേലിയൻ ബാൻഡിൽ ചാർളി പ്രവർത്തിച്ചു. അവരോപ്പം ന്യൂസിലാൻഡിലും, സിംഗപ്പൂരിലും, ഇന്ത്യയിലെ വിവിധസംസ്ഥാനങ്ങളിലും പരിപാടികളിൽ പങ്കെടുത്തത് ജീവിത വഴിത്തിരിവിന് കാരണമായി. സ്ക്കൂൾ ഓഫ് ബിബ്ലിക്കൽ സ്റ്റഡീസ് മൈസൂരിൽ നിന്നും വേദപഠനം പൂർത്തിയാക്കി. തുടർന്ന് ആംസ്റ്റർഡാമിൽ നിന്നും ഇന്റർനാഷണൽ ക്രിസ്ത്യൻ അഡ്മിനിസ്ട്രേഷനിൽ സർട്ടിഫിക്കേഷൻ ലഭിച്ചു.

പ്രയിസ്& വർഷിപ്പ് ശുശ്രൂഷക്ക് പുതിയ മാനങ്ങൾ നൽകുകയാണ് ഈ യുവസുവിശേഷകൻ. വെറുതെ ബഹളം വെച്ചതുകൊണ്ട് അത് ആരാധന ആകില്ല എന്നും യഥാർത്ഥ ആരാധന ഹൃദയങ്ങളെ കീഴടക്കുമെന്നും ചാർളി വിശ്വസിക്കുന്നു. പരിശുദ്ധാത്മ നിയോഗത്തോടെ വിവിധ വേദികളിൽ ചാർളി ശുശ്രൂഷിക്കുന്നു.

കഴിഞ്ഞ ജനുവരി 12 ന് ഷാർജയിൽ ബാഫ മ്യൂസിക് കൺസേർട്ടിൽ ചാർളി സാം ബാബുവിന്റെ ഗാന ശുശ്രൂഷ പങ്കെടുത്തവർക്കെല്ലാം നവ്യാനുഭവമായി.


In Abu Dhabi & In Mussafa

**അബുദാബിയിൽ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്നവരുടെ ശ്രദ്ധയ്ക്ക്!**

**ഐ. പി. സി. ഏബനേസർ**

മുസഫായിലും അബുദബി സിറ്റിയിലും നിങ്ങൾക്കായി ആരാധനാ സൗകര്യം ഒരുക്കുന്നു.

മുസഫായിൽ: എല്ലാ വ്യാഴാഴ്ചകളിലും രാത്രി 7.45 മുതൽ 10.00 വരെ ബ്രദറൺ ചർച്ച് സെന്റർ ഹാൾ നമ്പർ എഫ് - 1ൽ ആരാധനായോഗം വെള്ളിയാഴ്ചകളിൽ രാവിലെ 9.45 മുതൽ 12.15 വരെ ബ്രദറൺ ചർച്ച് സെന്റർ ഹാൾ നമ്പർ എഫ് - 2ൽ ഉപവാസപ്രാർഥനയും ആരാധനയും.

അബുദബി സിറ്റിയിൽ: എല്ലാ ചൊവ്വാഴ്ചകളിലും രാത്രി 8.00 മുതൽ 10.00 വരെ ഇവാഞ്ചലിക്കൽ ചർച്ച് സെന്റർ ബയിസ്മെന്റ് ഹാളിൽ ആരാധനായോഗം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: PR. C. GEORGE MATHEW 050 7213965 PR. JACOB SAMUEL 050 3332358



"വരുവിൻ, നാം യഹോവക്കു ഉല്ലസിച്ചു ഘോഷിക്ക; നമ്മുടെ രക്ഷയുടെ പാറെക്കു ആർപ്പിടുക"

Psalms 95.1

**Indian Pentecostal Church of God (I.P.C), Al Ain**

**സുവിശേഷ മഹായോഗങ്ങൾ**

**Rev. Dr. P.G. Vargise**

പ്രസംഗിക്കുന്നു

Venue: Oassis Hospital Compound (Oassis Worship Centre)

Time: 7.30 pm to 10.00 pm

2012 മാർച്ച് 9, 10 (വെള്ളി, ശനി) തിയതികളിൽ Al Ain I.P.C. Choir ഗാനശുശ്രൂഷ നിർവ്വഹിക്കുന്നു

എവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു!!!

Church Programmes (Regular)

Fasting Prayer: Friday, 12.00 to 2.00 pm (Oasis Upper House)

Worship: Fiday, 6.30 pm to 8.30 pm (Boxit Big)

Bible Class: Sunday, 8.00 pm to 9.30 pm (Isley Hall)

Sunday School: Saturday, 6.00 pm to 7.00 pm (Isley Hall)

*Venue: Oasis Hospital Compound, Al Ain*

Ladies Meeting: Wednesday 6.00 pm to 7.30 pm



For more details Contact: Pr. K.S. Jacob (050 5239768, 055 7082825


SHARJAH
26th, 27th & 28th February 2012
Time: 7.30 PM to 10.00 PM
Main Hall, Worship Centre, Sharjah
CHRIST'S OWN REVIVAL CHURCH
ABU DHABI
4th & 5th March 2012
Time: 7.30 PM to 10.00 PM
Main Hall, Evangelical Church Centre
Abu Dhabi
Christ's Own Revival Church
JESUS IS ALIVE GLOBAL WORSHIP CENTRE
PRESENTS
FESTIVAL OF BLESSING - 2012
MIRACLE CRUSADE
കർത്തൃനാമത്തിൽ
ഏവർക്കും സ്വാഗതം
Receive Healing - Experience Deliverance - Encounter A Life Changing God
Matthew 11:5 (NIV) "The blind receive sight, the lame walk, those who have leprosy are cured, the deaf hear, the dead are raised, and the Good news is preached to the poor."
Worship Timings
ABU DHABI
Every Saturday 8:00 PM to 10:00 PM
Room No. F6, Evangelical Church Centre
Bible Class - Every Wednesday 8:00 PM to 10:00 PM
MUSSAFAH
Every Sunday 8:00 PM to 10:00 PM
Room No.G4, Brethren Church Centre
SHARJAH
Every Friday 3:30 PM to 5:45 PM
Room No. 8, Union Church Centre
Bible Class - Every Thursday 8:00 PM to 10:00 PM
Kids Church "Little Stars"
Every Friday 6.00 PM to 7.00 PM
RAS AL KHAIMAH
Every Friday 10:00 AM to 12:00 PM
INDIA
Every Sunday 10:00 AM to 1:00 PM
Jesus Is Alive Global Worship Centre
Kottarakkara, Kerala, India
Speaker : Dr. P.G Vargis [IET New Delhi]
P.G Vargis, Founder of the Indian Evangelical Team (IET), felt a clear call from God to serve as a full time pioneer missionary in India. What started as 100 people accepting Jesus in a little village in India is today recognised as one of the largest and fastest growing mission movements in South East Asia. Bro.Vargis has today, planted over 5000 churches.
His heart has always been to reach the unreached at any cost and those words will resound once again as he preaches at the Miracle Crusade.
Get Ready for this glorious event. It will be a time of power, purpose and plenty in the Holy Ghost. You will be lifted to a higher level in Christ and encounter Him as the God of the impossible.
HEALING AND DELIVERANCE MINISTRY
where people with ANY need can come and encounter The Anointed One....& Be HEALED!
Every Saturday 8:00 PM to 10.00 PM
Room No. F6, Evangelical Church, Abu Dhabi
Every Thursday 8:00 PM to 10.00 PM
Sharjah
OUR TV PROGRAMS (UAE TIME)
Worship Leaders
Britey Rose Xavier, Sharon Abraham
Rizalyn Belasco
Pr. Anil Adoor, Br. Dani Tac
Br. Jiju John, Br. Sham Kilimanoor
Transportation Available
For More Details Please Contact:
Br. Shijo: 050 1236197 Br. Lijo: 050 1236198
For Prayer Requests Pr. Tigi George: 050 8265797
pastortigigeorge@gmail.com
www.jesusisalive.in



*ഗായകസംഘം ഗാനപരിശീലനം നടത്തുന്നു.*




*സമ്മേളനം നടക്കുന്ന സ്റ്റേഡിയത്തിലേക്കു റോഡിന്റെ രൂപരേഖ.*

### സമാധാന സമ്മേളനം ഒരുക്കങ്ങൾ പൂർത്തിയായി

## ക്രിക്കറ്റ് സ്റ്റേഡിയത്തിലേക്ക് വാഹന സൗകര്യം

**അബുദാബി:** ഫെബ്രുവരി 16,17 തീയതികളിൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടക്കുന്ന സമാധാന സമ്മേളനത്തിന് അബുദാബി സെന്റ് ജോസഫ് ചർച്ചിന് സമീപത്ത് നിന്നു വിവിധ ട്രാൻസ്പോട്ടേഷൻ കമ്പനികൾ ഒരുക്കുന്ന വാഹന സൗകര്യം ഉണ്ടായിരിക്കും. ദിവസവും വൈകിട്ട് 5 മണിക്ക് ക്രിക്കറ്റ് സ്റ്റേഡിയത്തിലേക്കും സമ്മേളനാന്തരം തിരികെയും ബസ്സുകൾ ഉണ്ടായിരിക്കും. അഞ്ച് ദിർഗമാണ് ചാർജ്

## ഗാനപരിശീലനം ആരംഭിച്ചു

**അബുദാബി:** ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടക്കുന്ന സമാധാന സമ്മേളനത്തിന് വേണ്ടിയുള്ള പാട്ട് പരിശീലനം സെന്റ് ആൻഡ്രൂസ് ചർച്ചിൽ നടക്കുന്നു. വിവിധ ഭാഷവർഗ്ഗ സഭാ വ്യത്യാസമെന്യേ 100 അംഗ ക്വയറാണ് പരിശീലനം നടത്തുന്നത്.

## ഇൻവിറ്റേഷൻ പാസ് വിതരണം തുടങ്ങി

സമാധാന സമ്മേളനത്തിന് പങ്കെടുക്കുന്നതിന് വേണ്ടിയുള്ള ഇൻവിറ്റേഷൻ പാസുകളുടെ വിതരണം അബുദാബി സെന്റ് ആൻഡ്രൂസ് ചർച്ചിലും, അബുദാബി ഇവാഞ്ചലിക്കൽ ചർച്ചിലും ആരംഭിച്ചു. ഇൻവിറ്റേഷൻ പാസുകൾ ലഭിക്കാത്തവർക്ക് സമ്മേളന ദിവസങ്ങളിൽ സ്റ്റേഡിയത്തിൽ ലഭിക്കുമെന്ന് മന്ന സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0503241610

സമ്മേളനം നടക്കുന്ന ക്രിക്കറ്റ് സ്റ്റേഡിയത്തിന്റെ ഗേറ്റ് അഞ്ച് മണിയോടെ തുറക്കും. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് വിപുലമായ സൗകര്യം സ്റ്റേഡിയത്തിന് സമീപം ഉണ്ട്. ഒരുക്കങ്ങൾക്ക് വേണ്ടി നൂറിലധികം വാളണ്ടിയേഴ്സ് സംഘം സജ്ജരായി. വിവിധ ഭാഷ സഭാ വ്യത്യാസമെന്യേ ആദ്യമായി നടക്കുന്ന ഈ സമ്മേളനത്തിന് വിശ്വാസികളുടെ വിലയേറിയ പ്രാർഥന അഭ്യാർത്ഥിച്ചിട്ടുണ്ട്.




## GLOBAL NETWORK OF CHRISTIAN INDIAN LEADERS (GONCIL )



REV.DR. K.O. MATHEW INAGURATING THE GONCIL UAE CHAPTER
FROM RIGHT: VICTOR RAVI, REV.SIMON CHACKO, REV. DR. RUWAN PALAPATHWALA, PR. RAJENDRA SELVI, PR. PRAVEEN BENJAMIN, PR. AJMAL KHAN, PR. EARNEST VICTOR AND PR. LINU THOMAS ARE ON STAGE.

**LAUNCHED BY GOLOBEL NET WORK OF CHRISTAN INDIAN LEADERY (GONCIL) UAE CHAPTER**



Dr. Sunny Philip
(Founder & Director)

**Linking Indian Christian Leaders World Wide**






Organised by the churches of UAE

# Festival of peace



**Dr. Yonggi Cho**
Founder of the World's Largest Church with 850,000 members in Seoul, Korea

## Abu Dhabi Cricket Stadium
## 16&17 February 2012
(Thursday & Friday)
**6.30 pm**

**Admission by invitation only**

**Praise and worship**
*combined choir and international singers*



Dr. R. Abraham
General Convenor

Contact

| | | | |
|---|---|---|---|
| Sonny Abraham | 050–6926925 | Feroz Abraham | 055–5926121 |
| Pastor Martin | 055-6582461 | Glenny P.C. | 050-3241610 |

**Flemy Abraham 050 1485309**

Edited, Printed and published by P.C. Glenny, Editor in charge Santhosh Abraham. news@newsmanna.com, Visit: www.newsmanna.com 050 3241610, 055 3969791